**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3590** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാസറഗോഡ് ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാസറഗോഡ് ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | എൽ.ബി.എസ് സെന്ററിനു കീഴിൽ കാസർഗോഡ് മുളിയാർ പഞ്ചായത്തിൽ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ, സിവിൽ, മെക്കാനിക്കൽ, ഐ.ടി എന്നീ കോഴ്സുകൾക്ക് എൻ.ബി.എ അക്രഡിറ്റേഷൻ ലഭിച്ചു.<br><br>കൂടാതെ സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 1 കോടി രൂപ ചിലവിൽ ഐഡിയ ലാബ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്.<br><br>കേപ്പിനു കീഴിലുള്ള കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂരിൽ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി Computer Science Engineering (Artificial Intelligence), CSE (Data Science) എന്നീ പുതു തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>വിദ്യാർത്ഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും ഊന്നൽ നൽകിക്കൊണ്ട് എപിജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2024-25 അക്കാഡമിക് വർഷം ബിടെക്, ബി.എച്ച്.എം.സി, ബി.ഡെസ് പ്രോഗ്രാമുകളുടെ സിലബസും പരിഷ്കരിച്ചിട്ടുണ്ട്. ആയതു സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകൾക്കും ബാധകമായിട്ടുള്ളതാണ്. |
| (ബി) | കാസറഗോഡ് എൽ. ബി. എസ്. എഞ്ചിനീയറിംഗ് കോളേജിൽ ബി. എസ്. സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കാസറഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ബി.എസ്.സി. നഴ്സിംഗ് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എൽ.ബി.എസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എൽ.ബി.എസ്-ന് കീഴിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നേഴ്സിംഗ് കോളേജിന്റെ മാതൃ ആശുപത്രിയായി കാണിച്ചിരിക്കുന്ന കാസറഗോഡ് ജനറൽ ആശുപത്രി കാസറഗോഡ് |

| | | | |
|---|---|---|---|
| | | | സർക്കാർ നേഴ്സിംഗ് കോളേജിന്റെ മാത്ര ആശുപത്രിയാണ്. Indian Nursing Council മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് കോളേജുകൾക്കായി ഒരേ ആശുപത്രിയെ മാത്ര ആശുപത്രിയായി കണക്കാക്കാൻ സാധിക്കുകയില്ല.<br><br>Indian Nursing Council മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കാവുന്നതാണ്. |
| (സി) | ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ കോഴ്സുകളിൽ കാലാനുസൃത മാറ്റം വരുത്തുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | 2025-26 അധ്യയന വർഷം മുതൽ ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്), ബി.ടെക് കമ്പ്യൂട്ടർ സയൻസ് ആൻഡ് ബിസിനസ് സിസ്റ്റം എന്നീ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് എൽ.ബി.എസ് ഡയറക്ടർ എ.ഐ.സി.ടി.ഇ-ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>കാസറഗോഡ് ജില്ലയിലെ സർക്കാർ കോളേജുകളായ Govinda Pai Memorial Govt. College Manjeswaram, Govt. College Kasargod, E.K. Nayanar Memorial Govt. College Elerithattu, Govt. Arts & Science College Uduma, Govt. College Karinthalam, Kinanoor, എയ്ഡഡ് കോളേജുകളായ Nehru Arts & Science College Kanhangad, St. Pius X College, Rajapuram, Kanhangad, BEJA Model College of Arts & Science എന്നിവടങ്ങളിൽ പുതുതലമുറ കോഴ്സുകൾ അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ